# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

### നഗര-ഗ്രാമാസൂത്രണ നിയമത്തിൽ സമഗ്ര ഭേദഗതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5118. 15.11.19- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.എം. നൗഷാദ് | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പ്രളയാനുഭവത്തിന്റെയും വൻകിട ഫ്ലാറ്റ് നിർമ്മാതാക്കളിൽ ഏറെപ്പേർ നിയമലംഘനം നടത്തുന്നതായി വരുന്ന വാർത്തയുടെയും അടിസ്ഥാനത്തിൽ നഗര-ഗ്രാമാസൂത്രണ നിയമത്തിൽ സമഗ്ര ഭേദഗതി വരുത്തി കാര്യക്ഷമമായ സ്ഥലപര ആസൂത്രണം സമയബന്ധിതമായി നടത്തുന്നതിന് പദ്ധതിയുണ്ടോ; | (എ) | 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് പ്രകാരമാണ് നിലവിൽ നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്നത്. ടി ആക്ട് പ്രകാരം തയ്യാറാക്കുന്ന പ്ലാനുകളിൽ പ്രകൃതി ദുരന്ത സാധ്യത ഉള്ള പ്രദേശങ്ങൾക്കു വേണ്ടിയുള്ള റെഗുലേഷനുകൾ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ നിലവിലെ ആക്ട് പ്രകാരം നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് ഏറ്റവും കുറഞ്ഞത് 2½ മുതൽ 3 വർഷം വരെ എടുക്കാറുണ്ട്. ടി സാഹചര്യത്തിൽ പ്രകൃതി ദുരന്ത സാധ്യത ഉള്ള പ്രദേശങ്ങൾ കണ്ടെത്തി ആയതിനു വേണ്ടിയുള്ള നിയന്ത്രണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ILDP (Interim Local Development Plan) പദ്ധതി തയ്യാറാക്കി ആയതു കുറഞ്ഞ സമയത്തിനുള്ളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തികൾ നഗരാസൂത്രണ വകുപ്പ് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ആവശ്യപ്രകാരം തയ്യാറാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിർമ്മാണാനുമതി ലഭിക്കു-ന്നതിനും ക്രമവൽക്കരിക്കു-ന്നതിനും കെട്ടിട നമ്പർ അനുവദിക്കുന്നതിനും ഏറെ കാലതാമസം നേരിട്ടിരുന്നതും അഴിമതി നടന്നിരുന്നതും അവസാനിപ്പിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | കെട്ടിട നിർമ്മാണ അനുമതി, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഉള്ള ക്രമവത്കരണം, കെട്ടിട നമ്പർ അനുവദിക്കൽ എന്നിവയിൽ കാലതാമസം ഒഴിവാക്കുന്നതിനായി വെബ് അധിഷ്ഠിതമായ IBPMS എന്ന ബിൽഡിംഗ് ആപ്ലിക്കേഷൻ സിസ്റ്റം സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും നടപ്പിലാക്കുന്നതിന്റെ ഒന്നാം ഘട്ടമായി 8 നഗരങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (സി) | കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് മാനുഷിക മുഖം നൽകുകയെന്ന ലക്ഷ്യത്തോടെ ഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (സി) | G.O.(P)No.77/2019/LSGD dated 02/11/2019 (SRO No.828/2019 dt.08/11/2019) പ്രകാരം പുതുക്കിയ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, G.O.(P)No.78/2019/LSGD dated 02/11/2019 (SRO No.829/2019 dt.08/11/2019) പ്രകാരം പുതുക്കിയ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ നിലവിൽ വന്നിട്ടുണ്ട്. ഇത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ വ്യക്തിഗത വ്യാഖ്യാനം കഴിവതും ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെ ജനോപകാരം മുന്നിൽ കണ്ടുകൊണ്ടാണ് രൂപീകരിച്ചിരിക്കുന്നത്. |
| (ഡി) | എഞ്ചിനീയറിംഗ്, ടൗൺ പ്ലാനിംഗ് വിഭാഗം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കു-ന്നതിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ, വകുപ്പിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ